**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **31-08-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ മേഖല കഴിഞ്ഞ മൂന്ന് വർഷമായി പ്രതിസന്ധി നേരിടുന്നതായിശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റബ്ബർ കർഷകരെ സഹായിക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ 2020-21 ൽ 2019-20 നേക്കാൾ റബ്ബർ കൃഷിയുടെ വിസ്തീർണത്തിലും ഉത്പാദനത്തിലും യഥാക്രമം 0.06 ശതമാനവും 2.62 ശതമാനവും കുറവ് വന്നിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് ആനുകൂല്യം നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട് |
| (ബി) | ടാപ്പിംഗ് ഇല്ലാതെ മൂന്ന് വർഷമായി റബ്ബർ തോട്ടങ്ങൾ തരിശായി കിടക്കുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ 2020-21 ൽ 2019-20 നേക്കാൾ റബ്ബർ കൃഷിയുടെ വിസ്തീർണത്തിലും ഉത്പാദനത്തിലും യഥാക്രമം 0.06 ശതമാനവും 2.62 ശതമാനവും കുറവ് വന്നിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം |

| | | | |
|---|---|---|---|
| | | | നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് ആനുകൂല്യം നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട് |
| (സി) | ടാപ്പർമാർ പണി ഉപേക്ഷിച്ചുപോകുന്നതും പുതുതായി പ്രസ്തുത തൊഴിലിലേക്ക് ആരുംതന്നെ വരാത്തതുമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുവാൻ റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പ്രകാരമുള്ള തുക ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | വലിയ മൂലധനമിറക്കി കമ്പനികൾ കൃഷിയുടെയും ചരക്കിന്റെയും മേൽ ആധിപത്യം ഉറപ്പിക്കുമ്പോൾ രാജ്യത്തെ റബ്ബർ കർഷകരുടെ തൊണ്ണൂറ് ശതമാനം വരുന്ന കേരളത്തിലെ റബ്ബർ കർഷകർ ആശങ്കയോടെ നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (ഡി) | റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ റബ്ബറിന്റെ താങ്ങുവില 2021 എപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽ നിന്ന് 170 രൂപയായ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനു കീഴിൽ റബ്ബർ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ല എന്ന് ആവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യ മന്ത്രിയ്ക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിയിൽ തന്നെ നിവേദനം നൽകിയിട്ടുണ്ട്. ചിരട്ടപ്പാൽ റബ്ബറിൽ മാലിന്യങ്ങൾ അടങ്ങിയിരിക്കുവാൻ സാധ്യത ഉള്ളതിനാൽ, ചിരട്ടപ്പാൽ റബ്ബറിന്റെ ഇറക്കുമ രാജ്യത്ത് രോഗങ്ങൾ വരുത്തി വയ്ക്കുക മാത്രമല്ല ഉല്പന്നങ്ങളുടെ ഗുണമേന്മയേയും ബാധിക്കുമെന്നുള്ള കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ടയർ ലോബി റബ്ബർ ഇറക്കുമതി യഥേഷ്ടം നടത്തുകയും റബ്ബർ ബോർഡ് പോലും സംസ്ഥാനം വിടുന്ന അവസ്ഥയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ മറ്റ് അനുബന്ധ മേഖലകളിലൂടെ റബ്ബർ കൃഷിയെ സംരക്ഷിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ